File No.FWLD-F3/294/2018-FWLD

14182
5/10/19

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവിവകുപ്പ്- വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീ. കെ. ശോഭിയുടെ വിധവയായ ശ്രീമതി ഷാനിബ എൻ. കെ.യ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്) വകുപ്പ്

G.O.(Ms)No.27/2019/F&WLD തീയതി,തിരുവനന്തപുരം, 26/09/2019

---

പരാമർശം:- 1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 സ.ഉ.(പി) നം.5/18/പി&എ.ആർ.ഡി തീയതി 21/02/2018.

3 ശ്രീമതി ഷാനിബ എൻ. കെ.,തളിക്കാട്ട് പറമ്പ് ഹൗസ്. ചെറുവണ്ണൂർ, ഫറോക്ക് പി.ഒ, കോഴിക്കോട് 06.10.2018 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും.

4 മുഖ്യവനപാലകൻ(വൈൽഡ് ലൈഫ്) &ചീഫ് വൈൽഡ് ലൈഫ് വാർഡൻ ന്റെ 22.11.2018,10.06.2019 തീയതികളിലെ WL11-22724/14 നം. കത്തും,അനുബന്ധ രേഖകളും.

5 കോഴിക്കോട് ജില്ലാ കളക്ടറുടെ 30.04.2019 ലെ ഡിസി.കെ.കെ.ഡി/15638/2018-എസ്4 നം. കത്തും,അനുബന്ധ രേഖകളും...

<u>ഉത്തരവ്</u>

വനം വകുപ്പിൽ എൻ.എം.ആർ വ്യവസ്ഥയിൽ ദിവസവേതനാടിസ്ഥാനത്തിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ പാമ്പ്കടിയേറ്റതിനെ തുടർന്ന് 25.05.2014-ൽ മരണപ്പെട്ട ശ്രീ. കെ. ശോഭിയുടെ വിധവയായ ശ്രീമതി ഷാനിബ എൻ. കെ.യ്ക്ക്, സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭ്യമാക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു.

2. ഒരു സർക്കാർ ഉദ്യോഗസ്ഥർ മരണപ്പെട്ട തീയതി മുതൽ 2 വർഷത്തിനുള്ളിലും, അപേക്ഷകൻ പ്രായപൂർത്തിയാകാത്തയാളാണെങ്കിൽ പ്രായപൂർത്തി ആയതിനുശേഷം മൂന്ന് വർഷത്തിനകവും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കണം എന്നതാണ് നിലവിലെ ആശ്രിത നിയമന വ്യവസ്ഥ. അപ്രകാരം 25/05/2016-ന് മുൻപ് ശ്രീമതി ഷാനിബ എൻ. കെ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ ടിയാൾ പരാമർശം (3) പ്രകാരം നിശ്ചിത മാതൃകയിലുള്ള

അപേക്ഷ സമർപ്പിക്കുന്നതിന് 2വർഷം 4 മാസം 11ദിവസം കാലതാമസം നേരിട്ടിരുന്നു. അപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അപേക്ഷയുടെ ജനനത്തീയതി 28.05.1987 ആണ്. എസ്.എസ്.എൽ.സി പാസ്സായിട്ടുള്ള അപേക്ഷകയ്ക്ക് 32 വയസ്സ് പൂർത്തിയായിട്ടുണ്ട്. കുടുംബ വാർഷിക വരുമാനം 48000/- രൂപയാണെന്ന് ചെറുവണ്ണൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷന് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. വനം വകുപ്പിൽ എൻ.എം.ആർ വ്യവസ്ഥയിൽ ദിവസ വേതനാടിസ്ഥാനത്തിൽ പാമ്പ് പിടുത്തക്കാരനായി ജോലി ചെയ്തു വരവെ 25/05/2014-ൽ മരണപ്പെട്ട ശ്രീ. ശോഭിയുടെ വിധവ ശ്രീമതി ഷാനിബയ്ക്ക്, ആശ്രിത നിയമനത്തിനുള്ള ചട്ടപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 2വർഷം 4മാസം 11ദിവസത്തേയും കാലതാമസം മാപ്പാക്കി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ കോഴിക്കോട് ജില്ലയിൽ 19,000-43,600 രൂപ ശമ്പള സ്കെയിലിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കോഴിക്കോട് ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും കോഴിക്കോട് ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ കോഴിക്കോട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

4. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാൾക്ക് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കുന്നതാണ്.

5. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ച ശേഷം തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATYAJEET RAJAN
ADDITIONAL CHIEF SECRETARY

മുഖ്യവനപാലകൻ(വൈൽഡ്‌ലൈഫ്)& ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ,തിരുവനന്തപുരം.

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

ശ്രീമതി ഷാനിബ എൻ. കെ.,തളിക്കാട്ട് പറമ്പ് ഹൗസ്. ചെറുവണ്ണൂർ,ഫറോക്ക് പി.ഒ, കോഴിക്കോട് പിൻ. 673631.(മടക്ക രസീത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

വെബ്& ന്യൂ മീഡിയ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(ഫയൽ നം.റൂൾസ്-3/258/2018/ഉ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SAJEEVAN M K
Date: 2019.09.28 17:24:16 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.